


# ഹന്ന ഹാപ്പിയാണ്



"എന്റെ കണ്ണുകളുടെ വൈകല്യം കണ്ടു 'പ്രേതം' എന്നുവരെ വിളിച്ചു പരിഹസിച്ച സഹപാഠികൾ എനിക്കുണ്ടായിരുന്നു. സ്കൂളിലും മറ്റിടങ്ങളിലും മാറ്റിനിർത്തപ്പെടുമ്പോൾ, സങ്കടപ്പെട്ട, കരഞ്ഞ നാളുകൾ...

എല്ലാവരും കളിയാക്കുമ്പോൾ, ഞാൻ ദൈവത്തിന്റെ വ്യത്യസ്തമായ സൃഷ്ടിയെന്നു ചിന്തിക്കാനും വിശ്വസിക്കാനുമായിരുന്നു ഇഷ്ടം. എന്റെ ഇല്ലായ്മകളും സങ്കടങ്ങളുമറിഞ്ഞ് എല്ലാം ഒരുക്കിത്തന്ന ദൈവം, എന്നിൽ അദ്ഭുതങ്ങൾ പ്രവർത്തിക്കുകയായിരുന്നു."

അത്യപൂർവ നേത്രരോഗമായ മൈക്രോഫ്താൽമിയ ജന്മനാ ബാധിച്ച ഹന്ന ആലിസ് സൈമൺ എന്ന പത്തൊമ്പതുകാരിയുടേതാണ് ഈ വാക്കുകൾ. കണ്ണിലെ ഇരുട്ടിൽനിന്ന് ആത്മവിശ്വാസത്തിന്റെയും ദൈവാശ്രയബോധത്തിന്റെയും ചുറ്റുമുള്ളവരുടെ കരുതലിന്റെയും ബലത്തിൽ സ്വപ്നങ്ങൾ കാണാൻ പഠിച്ചും, അതിലേക്കു പറന്നുയർന്നും അതിശയിപ്പിക്കുന്ന ഉയരങ്ങൾ സ്വന്തമാക്കിയതിന്റെ അതുല്യനേട്ടമാണ് ഈ മിടുക്കിയെ വ്യത്യസ്തയാക്കുന്നത്.

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ 500 ൽ 496 മാർക്കു നേടി ഭിന്നശേഷിവിഭാഗത്തിൽ രാജ്യത്ത് ഒന്നാം റാങ്ക്; അമേരിക്കയിലെ പ്രസിദ്ധമായ നോട്ടർഡാം സർവകലാശാലയിൽ സ്കോളർഷിപ്പോടെ സൈക്കോളജി ബിരുദപഠനത്തിന് അവസരം; തീർന്നില്ല; സ്കൂൾ പഠനകാലത്തുതന്നെ വെൽക്കം ഹോം എന്ന പേരിൽ കഥാസമാഹാരം പ്രസിദ്ധീകരിച്ചു. പാട്ടുകൾ കമ്പോസു ചെയ്തും പാടിയും മോട്ടിവേഷണൽ പ്രഭാഷണങ്ങൾ നടത്തിയും ഹന്ന തനിക്കും മറ്റുള്ളവർക്കും പ്രചോദനത്തിന്റെ പുതുവെളിച്ചമാവുന്നു. ജന്മനായുള്ള അന്ധതയെ അതിജീവിച്ച് അകക്കണ്ണിന്റെ വെളിച്ചത്തിലാണ് ഈ മിടുക്കി വലിയ നേട്ടങ്ങളിലേക്കു ചുവടുവച്ചതെന്നു കൂടി അറിയുക.

**മാതാപിതാക്കൾ വെളിച്ചം**

പെരുമ്പാവൂരിനടുത്തു വെങ്ങോല സ്വദേശിയായ സൈമൺ മാത്യുവിന്റെയും ലിജ സൈമണിന്റെയും മൂത്തമകളാണു ഹന്ന. സ്വകാര്യ കമ്പനിയിൽ ലീഗൽ അഡ്വൈസറായ സൈമൺ, ജോലിയുടെയും മകളുടെ പഠനത്തിന്റെയും സൗകര്യം കണക്കിലെടുത്ത് വർഷങ്ങളായി കൊച്ചി കലൂരിലാണു താമസം.

ജന്മനാ ഉണ്ടായൊരു പരിമിതിമൂലം വളരാനുള്ള അവളുടെ അവകാശത്തെയും ആഗ്രഹത്തെയും പ്രചോദിപ്പിക്കാൻ മാതാപിതാക്കൾ തയ്യാറായതാണ് ഹന്നയുടെ ജീവിതത്തിൽ വഴിത്തിരിവായത്.

കാഴ്ചപരിമിതിയുള്ള ഹന്നയെ സ്പെഷൽ സ്കൂളിൽ ചേർക്കാൻ മാതാപിതാക്കൾ തയ്യാറായില്ല. മറ്റു കുട്ടികൾ പഠിക്കുകയും കളിക്കുകയും ചെയ്യുന്നതുപോലെ തങ്ങളുടെ ഹന്നയും വളരണമെന്ന് അവർ ആഗ്രഹിച്ചു. മകളുടെ പഠനവും വായനയും എളുപ്പമാക്കാൻ അധ്യാപികകൂടിയായ അമ്മ ലിജ ബ്രെയിൽ ലിപി പഠിച്ചെടുത്തു. കലൂർ ഗ്രീറ്റ്സ് പബ്ലിക് സ്കൂളിലായിരുന്നു അഞ്ചാം ക്ലാസുവരെ ഹന്നയുടെ പഠനം. ബ്രെയിൽ ലിപിയിൽ ഹന്ന പഠനം എളുപ്പമാക്കി.

ആറുമുതൽ പന്ത്രണ്ടുവരെ കാക്കനാട് രാജഗിരി ക്രിസ്തുജയന്തി പബ്ലിക് സ്കൂളിൽ. ഒമ്പതാം ക്ലാസിലെത്തിയതോടെ കംപ്യൂട്ടറിന്റെയും ആപ്പുകളുടെയും സഹായത്തോടെ പഠനം കൂടുതൽ കാര്യക്ഷമമായി. സൈമണും ലിജയും സഹോദരങ്ങളായ ഏഴാം ക്ലാസുകാരൻ ഹാനോക്കും ഒന്നാം ക്ലാസുകാരൻ ഡാനിയേലും ഹന്നയ്ക്കു പൂർണപിന്തുണ നൽകി. ഒപ്പം, അമ്മയെപ്പോലെ സ്നേഹിക്കുന്ന അധ്യാപകരും, സ്വന്തമെന്നപോലെ ചേർന്നുനിൽക്കുന്ന കൂട്ടുകാരും.

**സൈക്കോളജി എന്ന സ്വപ്നം**

സൈക്കോളജിയിൽ മികച്ച സർവകലാശാലയിൽ ഉപരിപഠനം നടത്താനും സൈക്കോളജിസ്റ്റാവാനുമുള്ള വലിയ ആഗ്രഹമാണ് ഹന്നയ്ക്കുള്ളത്. മറ്റുള്ളവരുടെ വിഷമങ്ങൾ കേൾക്കാനും അവരെ സഹായിക്കാനും സാധിക്കണമെന്നതാണു സൈക്കോളജിസ്റ്റാവാനുള്ള ആഗ്രഹത്തിലേക്കു കൈപിടിച്ചത്. ഹ്യുമാനിറ്റീസായിരുന്നു പ്ലസ്ടുവിനു തിരഞ്ഞെടുത്തത്.

അമേരിക്കയിലെ നോട്ടർഡാം സർവകലാശാലയിൽ ഹന്ന സ്കോളർഷിപ്പോടെ ബിരുദപഠനം ആരംഭിച്ചുകഴിഞ്ഞു.

ദൈവത്തിനുവേണ്ടി ഇനിയും പാട്ടുകൾ എഴുതണം, പോസിറ്റീവ് എനർജി പകരുന്ന പുസ്തകങ്ങൾ എഴുതണം... ഹന്നയുടെ നല്ല സ്വപ്നങ്ങൾക്ക് ഇന്നു പുതുചിറകുകൾ.



ഹന്ന കുടുംബാംഗങ്ങളോടൊപ്പം

**വെൽക്കം ഹോം**

ഗ്രന്ഥകർത്താവാകാനുള്ള മോഹം ഇക്കഴിഞ്ഞ ജൂലൈയിൽ ഹന്ന സാക്ഷാത്കരിച്ചു. 'വെൽക്കം ഹോം' എന്ന പേരിലുള്ള ഹന്നയുടെ ആദ്യപുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടു. വെൽക്കം ഹോം, ദി സൺസെറ്റ് ഗ്ലോറി, ദി സൺഷൈൻ ഗേൾ, നേച്ചർ ബിക്കൺസ്, എമറാൾഡ്, ലുക്ക് അപ് എന്നീ തലക്കെട്ടുകളിൽ ഹന്ന എഴുതിയ ആറ് ഇംഗ്ലീഷ് ചെറുകഥകളുടെ സമാഹരമാണു പുസ്തകം. ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിച്ച സമയത്തായിരുന്നു ഈ കഥകൾ എഴുതിയത്.

ജീവിതത്തിൽ വ്യത്യസ്തരായ ആറു പെൺകുട്ടികളുടെ ജീവിതം പ്രമേയമാകുന്ന കഥകളിൽ തന്റെ ജീവിതാനുഭവങ്ങളുടെയും അക്ഷരപ്പകർച്ചയുണ്ടെന്നു ഹന്ന.

ഹന്നയുടെ അഭിരുചിയറിഞ്ഞു പാട്ടിലും വായനയിലും പ്രസംഗത്തിലുമെല്ലാം മികവുതെളിയിക്കാൻ മാതാപിതാക്കൾ അവസരമൊരുക്കി. അമ്മയിൽനിന്നു തന്നെയാണ് സംഗീതത്തിന്റെ ആദ്യപാഠങ്ങൾ ഹന്ന പഠിച്ചത്. പുസ്തകങ്ങൾ വായിക്കാനും എഴുതാനും പിതാവ് പ്രചോദനമായി.

ഇതുവരെ പതിനഞ്ചോളം ഇംഗ്ലീഷ് ഭക്തിഗാനങ്ങൾക്ക് ഈണമൊരുക്കി പാടി. ജീസസ് ഈസ് മൈ സൈഡ്... എന്നാരംഭിക്കുന്ന ഭക്തിഗാനമാണ് ആദ്യം ഒരുക്കിയത്. ഹന്നയുടെതന്നെ യുട്യൂബ് ചാനലിലൂടെ ആ പാട്ടുകൾ കേട്ടത് അനേകായിരങ്ങളാണ്.

തന്റെ അതിജീവനവഴികൾ ഹൃദ്യമായി പൊതുവേദികളിൽ പങ്കുവച്ചിട്ടുള്ള ഹന്ന അറിയപ്പെടുന്ന മോട്ടിവേഷണൽ സ്പീക്കറാണ്. അനേകം കുട്ടികൾക്ക് ഹന്നയുടെ വാക്കുകൾ പ്രചോദനമാകുന്നു. പഠനത്തിനൊപ്പം അനാഥാലയത്തിലെ കുട്ടികൾക്കു സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ കൊടുക്കാനും ഹന്ന സമയം കണ്ടെത്തി.

പരിമിതികളിൽനിന്നു വലിയ കുതിപ്പു നടത്തിയ ഹന്നയെക്കുറിച്ച് ഹന്നയ്ക്കുതന്നെ എന്താണു പറയാനുള്ളതെന്നു ചോദിച്ചാലോ. ഉത്തരം ഹന്ന പറയും:

"എന്റെ ജീവിതം എനിക്ക് അദ്ഭുതം."

■ സിജോ പൈനാടത്ത്



# ദീപനാളം
# സാഹിത്യോത്സവം

**ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ – ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി അഖിലകേരളാടിസ്ഥാനത്തിൽ സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.**

**ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ.**



## പൊതുനിബന്ധനകൾ

- രണ്ടു ഘട്ടങ്ങളിലായാണ് മത്സരം. ആദ്യഘട്ടത്തിൽ കാലികപ്രാധാന്യമുള്ള ഏതു സാമൂഹികവിഷയവും തിരഞ്ഞെടുത്ത് എഴുതാവുന്നതാണ്. രചനാമികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കു മാത്രമായിരിക്കും രണ്ടാം ഘട്ടത്തിൽ പ്രവേശനം.
- എൻട്രികൾ ഡിറ്റിപി ചെയ്ത് അയയ്ക്കേണ്ടതാണ്. ഒരു പേജിൽ നാല്പതു വരിയെന്ന കണക്കിൽ ഉപന്യാസം അഞ്ചു പേജിലും, കഥ മൂന്നു പേജിലും, കവിത ഇരുപതു വരിയിലും കവിയരുത്.
- ചിത്രരചനയ്ക്ക് വാട്ടർകളർ, പോസ്റ്റർ കളർ, ക്രയോൺസ് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്.
- ഹൈസ്കൂൾ - ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
- എൻട്രികൾ editordeepanalam@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്കോ 7306874714 എന്ന വാട്സാപ്പ് നമ്പരിലേക്കോ പിഡിഎഫ് ആയി അയയ്ക്കേണ്ടതാണ്.
- എൻട്രികൾ **2022 ഓഗസ്റ്റ് 31** നുമുമ്പ് ലഭിച്ചിരിക്കണം.
- രജിസ്ട്രേഷൻഫീസ് 100 രൂപ. Deepanalam A/C No: 435 922 000 334 59, IFSC : CNRB 001 43 59 (Canara Bank, Pala Branch)എന്ന നമ്പരിലേക്ക് രജി. ഫീസ് ഗൂഗിൾപേ ചെയ്യേണ്ടതാണ്.
- എൻട്രികളോടൊപ്പം E-mail ID യും ഫോൺ നമ്പരും ബാങ്ക് ട്രാൻസാക്ഷൻ IDയും സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രവും നിർബന്ധമായും ചേർത്തിരിക്കണം. നിബന്ധനകൾ പാലിക്കാത്ത രചനകൾ പരിഗണിക്കുന്നതല്ല.
- ഫൈനൽ മത്സരങ്ങൾ (രണ്ടാം റൗണ്ട്) **സെപ്റ്റംബർ 9 വെള്ളിയാഴ്ച** രാവിലെ 10 മണി മുതൽ ദീപനാളം ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്.
- രണ്ടാം റൗണ്ട് മത്സരങ്ങളിലേക്കു യോഗ്യരാകുന്നവർക്കുള്ള നിർദേശങ്ങൾ വ്യക്തിപരമായി അറിയിക്കുന്നതാണ്.
- ഫൈനൽ റൗണ്ടിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ഉണ്ടായിരിക്കും.

**കാഷ് അവാർഡുകളും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിജയികളെ കാത്തിരിക്കുന്നു.**

ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക്

**1-ാം സമ്മാനം ₹ 3001**
**2-ാം സമ്മാനം ₹ 2001**
**3-ാം സമ്മാനം ₹ 1001**

മികച്ച രചനകൾ ദീപനാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

575+ PLACEMENT OFFERS FOR 2022 BATCH
NBA NATIONAL BOARD of ACCREDITATION
Core branches accredited by NBA
ISO 9001:2015 Certified College
₹55 LAKHS Goldman Sachs HIGHEST ANNUAL SALARY PACKAGE, 2018-22 BATCH
ST. JOSEPH'S COLLEGE OF ENGINEERING AND TECHNOLOGY - PALAI -
SJC
Managed by the Catholic Diocese of Palai
Admission Enquiries B.Tech & M.Tech: 8078 700 700, 8078 700 701 NRI Seats: 8078 701 701 • MBA: 7034 73 73 99
MCA: 7034 76 76 99 • Hotel Management & Catering Technology (BHM): 8593 96 76 76
BTech . MTech . PhD . MBA . MCA
Approved by AICTE Affiliated to APJ Abdul Kalam Technological University, Thiruvananthapuram